വഴിവെളിച്ചം

# ആവർത്തനം അരോചകമല്ല

عَن أَنَسٍ عَنِ النَّبِيِّ ﷺ: أَنَّهُ كَانَ إِذَا تَكَلَّمَ بِكَلِمَةٍ اعَادَهَا ثَلاثًا حَتّى تَفْهَمَ

**അനസ്(റ)ൽനിന്ന് നിവേദനം: നബി(സ) പ്രധാനപ്പെട്ട വല്ല കാര്യവും സംസാരിക്കുകയാണെങ്കിൽ ആളുകൾക്ക് മനസിലാകാൻവേണ്ടി മൂന്ന് തവണ ആവർത്തിച്ചിരുന്നു (ബുഖാരി).**

**നാം** സംസാരിക്കുന്നതും പ്രസംഗിക്കുന്നതും ചർച്ച ചെയ്യുന്നതും സദസിലുള്ളവർക്ക് മനസിലാവാനാണ്. ഈ വിഷയത്തിൽ ദൈവദൂതർക്ക് വളരെ നിർബന്ധബുദ്ധിയുണ്ട്. നബിതിരുമേനി പ്രധാനപ്പെട്ട വല്ല കാര്യവും സംസാരിക്കുകയാണെങ്കിൽ മൂന്ന് പ്രാവശ്യം ആവർത്തിക്കാറുണ്ടെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു.

ഖുർആനിൽ ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങളും പ്രവാചകന്മാരുടെ കഥാപാഠങ്ങളും പലവുരു ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ബാങ്ക് കൊടുക്കുമ്പോൾ ഏകദൈവവിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ അഞ്ചുനേരം ഉറക്കെ ആവർത്തിക്കുന്നു. നമസ്കാരത്തിൽ ഫാതിഹ ദിനേന 17 തവണ നിർബന്ധമായും സുന്നത്ത് നമസ്കാരങ്ങളിൽ അതിന് പുറമെയും ആവർത്തിക്കുന്നു. തക്ബീറും തസ്ബീഹും ശഹാദത്ത് കലിമയും ഇവ്വിധം തന്നെ.

ആവർത്തനം അരോചകമല്ല. അബോധ മനസ്സിൽ കാര്യങ്ങൾ ഉറപ്പിച്ചുനിർത്താൻ വളരെ സഹായകമാണെന്ന് മനഃശാസ്ത്രം പറയുന്നു. ധ്യാന-ഭജന സദസ്സിന്റെയും ദിക്ർ-സ്വലാത്ത് മജ്‌ലിസിന്റെയും മനഃശാസ്ത്രം ഇതുതന്നെയാണ്.

ചില പ്രഭാഷകരും എഴുത്തുകാരും വാക്കുകൾ പ്രയോഗിക്കുന്നതിൽ ചിലപ്പോൾ പിശുക്ക് കാണിക്കാറുണ്ടെന്നതാണ് അനുഭവം. സദസ്സിൽ ഗ്രഹണ-ശ്രവണ ശേഷികുറഞ്ഞവർ ഉണ്ടെന്നുള്ള കാര്യം പലരും വിസ്മരിക്കുന്നു. ചർച്ച ചെയ്തു തീരുമാനിക്കപ്പെട്ട കാര്യങ്ങൾ അവസാനം ഒന്നെഴുന്നേറ്റ് എല്ലാവരും കേൾക്കെ ഉറക്കെ ആവർത്തിച്ചുറപ്പിക്കുന്നത് സുഗമമായ നടത്തിപ്പിന് വളരെ സഹായകമായിരിക്കും.

ഖുർആൻ സൂക്തങ്ങൾ, ഹദീസുകൾ, പുസ്തകങ്ങൾ എന്നിവ മൂന്നു തവണയെങ്കിലും ആവർത്തിച്ചു വായിക്കുന്നത് കാര്യങ്ങൾ യഥാവിധി മനസ്സിൽ പതിയാൻ ഉപകരിക്കും. ■

**എം.എ കണ്ണൂർ സിറ്റി**